# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:676** **04.04.2018-ൽ മറുപടിയ്ക്ക്**

## ആധുനിക സൗകര്യങ്ങളും വൃത്തിയുമുള്ള മത്സ്യമാർക്കറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) നല്ല മത്സ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് ഈ മാർക്കറ്റിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

സി) ഈ സ്ഥലങ്ങളിലെ വൃത്തിയും വെടിപ്പും കാത്തുസൂക്ഷിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

എ), ഉണ്ട്.

ബി) & സി) ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. നാല് മാർക്കറ്റുകളുടെ നിർമ്മാണം കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി പൂർത്തീകരിച്ചു വരുന്നു. ഒരു മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരികയാണ്. ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും തദ്വാരാ വിപണന സാധ്യതയും മത്സ്യത്തിന് ന്യായ വിലയും ഉറപ്പുവരുത്തുന്നതിനുമായി ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചു വയ്ക്കുന്നതായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത

ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്. ഗുണ നിലവാരമുള്ള മത്സ്യം കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി മത്സ്യം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളായ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധനയാനങ്ങൾ മത്സ്യപരിവാഹന വാഹനങ്ങൾ എന്നിവയുടേയും, സംസ്കരണത്തിനുപയോഗിക്കുന്ന ഐസിന്റേയും ശുചിത്വം കൂടാതെ മത്സ്യത്തിൽ അനാരോഗ്യകരമായ പദാർത്ഥങ്ങൾ ചേർത്തു വിൽക്കുന്നവർക്കെതിരെയും ശിക്ഷണ നടപടി ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു.

(ഒപ്പ്)

**സെക്ഷൻ ആഫീസർ**